**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1594** | **16.03.2015-ൽ മറുപടിക്ക്**

**മണ്ണിന്റെ ഫലഭൂയിഷ്ഠത**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) ഓരോ പ്രദേശത്തെയും മണ്ണിന്റെ ഘടകങ്ങളെക്കുറിച്ചും, രാസഭൗതിക സ്വഭാവങ്ങളെക്കുറിച്ചും ശാസ്ത്രീയമായ പഠനം നടത്തി പ്രത്യേകതകൾ മനസ്സിലാക്കിയുള്ള പ്രതിവിധികൾ പ്രാവർത്തികമാക്കുന്നതുവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാൻ സാധിക്കും. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകൃഷിരീതികൾ നടപ്പിലാക്കുകയും ശാസ്ത്രീയ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നതു വഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം കുറച്ചും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാൻ സാധിക്കും. ഓരോ പ്രദേശത്തെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ശാസ്ത്രീയമായ മണ്ണു പര്യവേഷണത്തിലൂടെയും പരിശോധനയിലൂടെയും നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ഉപകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ